ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം

67 (7364) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതി കൈവരിക്കുകയാണ് ക്ലീൻ കേരള കമ്പനിയുടെ ലക്ഷ്യം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലുള്ള പദ്ധതി തയ്യാറാക്കുകയും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ, മാലിന്യങ്ങളിൽനിന്നും പ്രകൃതി വാതക ഉൽപ്പാദനവും ബോട്ട്ലിംഗും ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം എന്നിവയ്ക്കായി പ്ലാന്റുകൾ സ്ഥാപിക്കുന്നതും ശുചിത്വാരോഗ്യ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതും കമ്പനിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

(ബി&സി) മാലിന്യ സംസ്കരണം മുഖ്യപ്രശ്നമായിട്ടുള്ള നാല് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് ക്ലീൻ കേരള കമ്പനി പ്രധാനമായും ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കുംകൂടി സഹായകരമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. അതിനായി കമ്പനി താഴെപ്പറയുന്ന നാല് മേഖലകളിൽ ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

1. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ
2. മാലിന്യങ്ങളിൽനിന്നും പ്രകൃതി വാതക ഉൽപ്പാദനവും ബോട്ട്ലിംഗും
3. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം
4. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം.

LIBRARY ARCHIVES Kerala Legislative Assembly